**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. വി. വിഘ്നേശ്വരി ഐഎഎസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - SNA SPARSH അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതി (KL-247) പ്രോഗ്രാം ഓഫീസുകളുടെയും, ഐസിഡിഎസ് പ്രോജക്റ്റ് ഓഫീസുകളുടെയും 2026 മാർച്ച് മാസത്തെ POL & Hire ചാർജ്ജ് ഇനത്തിൽ അധികമായി ആവശ്യമായ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. കേന്ദ്ര സർക്കാരിന്റെ 10.04.2026 ലെ CD-II-14/6/2026-CD-II നമ്പർ കത്ത്

2. ഈ കാര്യാലയത്തിലെ 17.04.2026 ലെ മേൽ നമ്പർ ഉത്തരവ്.

3. ജില്ല വനിത ശിശുവികസന ഓഫീസർമാർ സമർപ്പിച്ച ഫണ്ട് റിക്വസ്റ്റ്.

**ഉത്തരവ് നം: DWCD/1984/2026-ICDSA1 തീയതി: 27-04-2026**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോഗ്രാം ഓഫീസുകൾക്കും, ഐസിഡിഎസ് പ്രോജക്റ്റ് ഓഫീസുകൾക്കും POL & Hire ചാർജ്ജ് ഇനത്തിൽ തുക അനുവദിച്ചു വരുന്നു. നടപ്പ് സാമ്പത്തിക വർഷം അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്ര റിലീസ് ആയി 1790 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള ടോക്കൺ മദർ സാങ്ഷൻ പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട്. ആയതിന്റെ സംസ്ഥാന വിഹിതമായ 11,93,33,333/- രൂപയും ചേർത്ത് ആകെ 29,83,33,333/- രൂപ പദ്ധതിയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

പ്രോഗ്രാം ഓഫീസുകൾക്കും, ഐസിഡിഎസ് പ്രോജക്റ്റ് ഓഫീസുകൾക്കും POL & Hire ചാർജ്ജ് ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ശരാശരിയുടെ അടിസ്ഥാനത്തിൽ ഒരു മാസം ആവശ്യമായ തുക പരാമർശം (2) പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ 2026 മാർച്ച് മാസത്തെ കരാർ വാഹന വാടക അനുവദിക്കുന്നതിനായി അധികമായി തുക ആവശ്യമായതിനാൽ ടി തുക അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം ഇടുക്കി, കാസർഗോഡ് ഒഴികെയുള്ള ജില്ല വനിത ശിശുവികസന ഓഫീസർമാർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | വാഹന വാടക ഇനത്തിൽ അധികമായി ആവശ്യമായ തുക |
|---|---|---|
| 1. | തിരുവനന്തപുരം | 50,755/- |
| 2. | കൊല്ലം | 97,027/- |
| 3. | പത്തനംതിട്ട | 46,720/- |
| 4. | ആലപ്പുഴ | 1,12,810/- |
| 5. | കോട്ടയം | 1,26,252/- |
| 6. | എറണാകുളം | 63,736/- |

| | | |
|---|---|---|
| 7. | തൃശ്ശൂർ | 70,973/- |
| 8. | പാലക്കാട് | 80,768/- |
| 9. | മലപ്പുറം | 2,17,450/- |
| 10. | കോഴിക്കോട് | 2,65,436/- |
| 11. | വയനാട് | 60,785/- |
| 12 | കണ്ണൂർ | 1,53,575/- |
| | **ആകെ** | **13,46,287/-** |

ഈ സാഹചര്യത്തിൽ ജില്ല വനിത ശിശുവികസന ഓഫീസർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രോഗ്രാം ഓഫീസുകൾക്കും ഐ.സി.ഡി.എസ് പ്രോജക്റ്റുകൾക്കും 2026 മാർച്ച് മാസത്തെ കരാർ വാഹന വാടക അനുവദിക്കുന്നതിനായി അധികമായി ആവശ്യമായ **13,46,287/-** രൂപ (പതിമൂന്ന് ലക്ഷത്തി നാല്പത്തിയാറായിരത്തി ഇരുന്നൂറ്റി എൺപത്തിഏഴ് രൂപാ മാത്രം) മേൽ പട്ടികയിൽ വിവരിക്കും പ്രകാരം ഇടുക്കി, കാസർഗോഡ് ഒഴികെയുള്ള ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക് SNA SPARSH Module പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

ജില്ല വനിത ശിശുവികസന ഓഫീസർമാർ കീഴ് കാര്യാലയങ്ങളിൽ നിന്നുള്ള ഫണ്ട് റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ SNA SPARSH module പ്രകാരം ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർക്ക് ആലോട്ട്മെന്റായി നൽകേണ്ടതും, പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർമാർ SNA SPARSH module-(03.05) hiring for vehicles/petrols, oil & lubricant of vehicles എന്ന കമ്പോണന്റ് കോഡ് പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതുമാണ് .

ഇതിലേയ്ക്ക് ആവശ്യമായ ആകെ തുകയായ **13,46,287/-** രൂപ (പതിമൂന്ന് ലക്ഷത്തി നാല്പത്തിയാറായിരത്തി ഇരുന്നൂറ്റി എൺപത്തിഏഴ് രൂപാ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-18-02 ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്. പ്രസ്തുത തുകയിൽ 8,07,772/- രൂപ കേന്ദ്രവിഹിതവും (60%), 5,38,515/- രൂപ സംസ്ഥാന വിഹിതവുമാണ്.

V. VIGNESHWARI. IAS
**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർ
(ഇടുക്കി, കാസർഗോഡ് ഒഴികെ)

പകർപ്പ് :

1. സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിനായി)
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും ((ഇടുക്കി, കാസർഗോഡ് ഒഴികെ)
3. സ്റ്റോക്ക് ഫയൽ / സ്പെയർ

Digitally signed by
Vigneshwari V
Date: 27-04-2026
15:19:59